# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *265 — 28/01/2014 ൽ മറുപടിക്ക്

**സ്കൂൾ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. സെൽവരാജ്<br>,, എ. റ്റി . ജോർജ്<br>,, റ്റി. എൻ. പ്രതാപൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | എ) | ഉണ്ട്. സമ്പൂർണ്ണ സോഫ്റ്റ് വെയർ മുഖേന വിദ്യാർത്ഥികളുടെ പൂർണ്ണ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ ; | ബി) | സ്കൂൾ മാനേജ്മെന്റ് സിസ്റ്റം കുറ്റമറ്റതാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. |
| സി) | എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | സി) | വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനം ഉൾപ്പെടെ വിദ്യാർത്ഥികളുടെ മുഴുവൻ വിവരങ്ങളുമാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നത്. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കെൽട്രോണുമായി സഹകരിച്ച് ഐടി@സ്കൂൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ